# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നമ്പർ:ജി3-12107/2017

തിയതി:13/07/2017

**സർക്കുലർ നമ്പർ:18/2017-18**

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് - ബോർഡ് പെൻഷൻ - സാമൂഹ്യ സുരക്ഷ പെൻഷൻ ഇളവ് അനുവദിക്കുന്നത് - സർക്കുലർ പുറപ്പെടുവിക്കുന്നു.

സൂചന : 06/02/2017 തിയതിയിലെ ഫിനാൻസ് (SFC Cell-B) വിഭാഗത്തിൽ നിന്നുള്ള GO(MS)No.67/2017/Fin നമ്പർ സർക്കാർ ഉത്തരവ്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും വിരമിച്ച് പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന സ്കാറ്റേർഡ്/അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് ടി പെൻഷൻ അനുവദിക്കുമ്പോൾ ടി പെൻഷണർക്ക് മറ്റ് പെൻഷനുകൾ ഒന്നും തന്നെ നിലവിൽ ലഭിക്കുന്നില്ല എന്ന് കാണിക്കുന്ന സാക്ഷ്യപത്രം/സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഇതുമായി ബന്ധപ്പെട്ട ചട്ട പ്രകാരം അവ അനുവദിക്കുന്നത്. എന്നാൽ ഈ വിഷയത്തിന്റെ സാമൂഹിക വശങ്ങൾ വിശദമായി പരിഗണിച്ചും പരിശോധിച്ചും സർക്കാർ ഇക്കാര്യത്തിൽ സൂചന ഉത്തരവ് പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബോർഡിൽ നിന്നും കൈപ്പറ്റുന്ന മുകളിൽ പറയുന്ന വിഭാഗം തൊഴിലാളികൾക്ക് ഇനിമേൽ അവ അനുവദിക്കുമ്പോള് സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങിക്കരുതെന്ന സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതില്ലായെന്നും പെൻഷൻ അനുവദിക്കുമ്പോൾ മറ്റ് ക്ഷേമ ബോർഡുകളിൽ നിന്നും പെൻഷനുകൾ വാങ്ങുന്നില്ല എന്നു മാത്രം കാണിക്കുന്ന സത്യവാങ്ങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണെന്നും സൂചന സർക്കാർ ഉത്തരവ് പ്രകാരം നിലവിലുള്ള ബോർഡ് പെൻഷൻ ചട്ടത്തിൽ ഇളവ് വരുത്തി സർക്കുലർ പുറപ്പെടുവിക്കുന്നു.

ബോർഡിൽ നിന്നും വിരമിക്കുന്ന തൊഴിലാളികൾ അപേക്ഷ കാര്യാലയത്തിൽ/ഉപകാര്യാലയത്തിൽ സമർപ്പിക്കുമ്പോൾ തന്നെ സേവന സോഫ്റ്റ് വെയർ മുഖേന ടിയാന്റെ വ്യക്തിഗത വിവരങ്ങൾ പരിശോധിക്കേണ്ടതും മറ്റ് ക്ഷേമ ബോർഡിന്റെ പെൻഷൻ വാങ്ങുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും ആയതിന് തൊഴിലാളിയിൽ നിന്നും ഇതോടോന്നിച്ച് വെക്കുന്ന മാതൃകയിലുള്ള സത്യവാങ്ങ്മൂലവും ചെയർമാന്റെ സാക്ഷ്യപത്രവും പെൻഷൻ അപേക്ഷയോടൊപ്പം അയച്ച് തരേണ്ടതുമാണ്. കൂടാതെ വിരമിക്കുന്ന തൊഴിലാളികൾക്ക് ബോർഡിന്റെ പെൻഷൻ ഉത്തരവാകുന്ന മുറയ്ക്ക് സേവന സോഫ്റ്റ് വെയറിൽ ചേർത്ത് അപ്രൂവ് ചെയ്യേണ്ടതാണ്.

ജില്ലാ കമ്മിറ്റി ചെയർമാൻമാർ ടി സർക്കുലർ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട കമ്മിറ്റി/ഉപകാര്യാലയം സൂപ്രണ്ട്, സെക്ഷൻ ക്ലാർക്ക് തുടങ്ങിയ എല്ലാവരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഒപ്പ്)
ചീഫ് എക്സിക്യൂട്ടീവ്(ഇൻ ചാർജ്ജ്)

പകർപ്പ്:

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്കും
2. സെക്രട്ടറി, ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ
3. ജൂനിയർ സൂപ്രണ്ട്, വെബ് അഡ്മിനിസ്ട്രേറ്റർ, സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്

# സത്യവാങ്മൂലം

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ______________ജില്ലാ ________ ______________ കാര്യാലയത്തിലെ/ഉപകാര്യാലയത്തിലെ ________പൂളിലെ ______ രജിസ്റ്റർ നമ്പർ __________ ആധാർ നമ്പർ പ്രകാരമുള്ള തൊഴിലാളിയായ ______________________ എന്ന ഞാൻ മറ്റ് ക്ഷേമ ബോർഡിൽ നിന്നും യാതൊരുവിധ പെൻഷനും വാങ്ങുന്നില്ല എന്ന് ബോധ്യപ്പെടുത്തുന്നു.

തൊഴിലാളിയുടെ ഒപ്പ് :

സ്ഥലം :

തൊഴിലാളിയുടെ പേര്:

തിയതി:

പൂളും രജിസ്റ്റർ നമ്പരും :

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, __________കാര്യാലയം / ഉപകാര്യാലയം

നമ്പർ:_______ തിയതി : / /

<u>സാക്ഷ്യപത്രം</u>

സർ,

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ______________ജില്ലാ ________ ______________ കാര്യാലയം/ഉപകാര്യാലയത്തിലെ ________പൂളിലെ ________ രജിസ്റ്റർ നമ്പർ __________ ആധാർ നമ്പർ പ്രകാരമുള്ള തൊഴിലാളിയായ __________________________ എന്നയാളുടെ വ്യക്തിഗത വിവരങ്ങൾ പരിശോധിച്ചതിൽ മറ്റ് ക്ഷേമ ബോർഡിൽ നിന്നും യാതൊരുവിധ പെൻഷനും വാങ്ങുന്നില്ലായെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ചെയർമാൻ